ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE: 27.06.2025

## പ്രധാനവാർത്തകൾ

1) ചൈനയുമായുള്ള അതിർത്തി പ്രശ്നത്തിന് ശാശ്വതപരിഹാരം ആവശ്യമാണെന്ന് ഇന്ത്യ. ഇരു രാജ്യങ്ങൾക്കുമിടയിലുണ്ടായ വിശ്വാസക്കുറവ് നികത്തണമെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ്
2) നിലമ്പൂർ എംഎൽഎ ആയി ആര്യാടൻ ഷൗക്കത്ത് സത്യപ്രതിജ്ഞ ചെയ്തു .
3) സംസ്ഥാനത്ത് ജൂലൈ 1 മുതൽ ഓഗസ്റ്റ് 31 വരെ നടക്കുന്ന ഫയൽ അദാലത്തിനാവശ്യമായ വകുപ്പുതല ക്രമീകരണങ്ങൾ അടിയന്തരമായി പൂർത്തിയാക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
4) സംസ്ഥാനത്ത് മഴയ്ക്ക് നേരിയ ശമനം. ഇടുക്കി, വയനാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത. മുല്ലപ്പെരിയാർ ഡാമിലടക്കം ജലനിരപ്പുയരുന്നു.
5) ടെലിവിഷൻ രംഗത്തെ സമഗ്ര സംഭാവനകൾക്കുള്ള സംസ്ഥാന സർക്കാരിൻറെ പുരസ്കാരം തിരുവനന്തപുരം ദൂരദർശൻ പ്രഥമ ഡയറക്ടർ കെ. കുഞ്ഞികൃഷ്ണന്.
6) സംസ്ഥാനത്ത് ആത്മഹത്യ പ്രവണത കൂടുതൽ പുരുഷന്മാരിലെന്ന് സാമ്പത്തിക സ്ഥിതിവിവര വകുപ്പിൻറെ പഠന റിപ്പോർട്ട്.

RNU TVPM

********************

## രാജ് നാഥ് സിംഗ്

ചൈനയുമായുള്ള അതിർത്തി പ്രശ്നത്തിന് ശാശ്വതപരിഹാരം അത്യാവശ്യമാണെന്ന് ഇന്ത്യ. 2020 ലെ അതിർത്തി സംഘർഷങ്ങളെ തുടർന്ന്, ഇരു രാജ്യങ്ങൾക്കുമിടയിലുണ്ടായ വിശ്വാസക്കുറവ് നികത്തണമെന്നും ചൈനീസ് പ്രതിരോധമന്ത്രിയുമായുള്ള കൂടിക്കാഴ്ചയിൽ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ് ആവശ്യപ്പെട്ടു . ചൈനയിൽ നടന്ന ഷാങ്ഹായ് പ്രതിരോധമന്ത്രിമാരുടെ സമ്മേളനത്തോട് അനുബന്ധിച്ചായിരുന്നു കൂടിക്കാഴ്ച്ച . പഹൽഗാം ഭീകരാക്രമണത്തെക്കുറിച്ചും ഓപ്പറേഷൻ സിന്ദൂറിനെക്കുറിച്ചും രാജ്യരക്ഷാമന്ത്രി വിശദീകരിച്ചു. റഷ്യൻ പ്രതിരോധ മന്ത്രി ആന്ദ്രേ ബെലോസോവുമായും ശ്രീ രാജ്നാഥ് സിങ് കൂടിക്കാഴ്ച നടത്തി. പ്രതിരോധ സംഭരണമടക്കമുള്ള വിഷയങ്ങളും, ഭൗമരാഷ്ട്രീയ സാഹചര്യങ്ങളും ഇരുവരും ചർച്ച ചെയ്തു .

********************

## ആര്യാടൻ ഷൗക്കത്ത് സത്യപ്രതിജ്ഞ(ഇൻട്രോ)

നിലമ്പൂർ എംഎൽഎ ആയി സത്യപ്രതിജ്ഞ ചെയ്ത് ആര്യാടൻ ഷൗക്കത്ത്. നിയമസഭാ മന്ദിരത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ സ്പീക്കർ എ.എൻ. ഷംസീർ മുൻപാകെയായിരുന്നു സത്യപ്രതിജ്ഞ. മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രിമാർ, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

(ഹോൾഡ് വോയ്സ്)

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിലെ കോൺഗ്രസ് സ്ഥാനാർത്ഥിയായിരുന്ന ആര്യാടൻ ഷൗക്കത്ത് 11,000-ലധികം വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് വിജയിച്ചത്. പിതാവ് ആര്യാടൻ

PNU TVPM

മുഹമ്മദിനെപ്പോലെയുള്ള നിയമസഭാ സാമാജികനായി മാറാൻ എല്ലാ പരിശ്രമവും നടത്തുമെന്ന് ശ്രീ ആര്യാടൻ ഷൗക്കത്ത് സത്യപ്രതിജ്ഞയ്ക്ക് ശേഷം പറഞ്ഞു.

********************

## മുഖ്യമന്ത്രി-ഫയൽ അദാലത്ത്

സംസ്ഥാനത്ത് ജൂലൈ 1 മുതൽ ഓഗസ്റ്റ് 31 വരെ നടക്കുന്ന ഫയൽ അദാലത്തിനാവശ്യമായ വകുപ്പുതല ക്രമീകരണങ്ങൾ അടിയന്തരമായി പൂർത്തിയാക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. വകുപ്പ് സെക്രട്ടറിമാരുടെ യോഗത്തിലാണ് മുഖ്യമന്ത്രിയുടെ നിർദേശം. സെക്രട്ടറിമാരുടെ പ്രതിമാസ യോഗത്തിൽ ചീഫ് സെക്രട്ടറി അദാലത്തിൻ്റെ പുരോഗതി വിലയിരുത്തണം . അദാലത്തിൽ വീഴ്ചവരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു. കെട്ടിക്കിടക്കുന്നതും തീർപ്പാക്കേണ്ടതുമായ എല്ലാ ഫയലുകളിലും വേഗം തീരുമാനമെടുക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഫയൽ അദാലത്ത് സംഘടിപ്പിക്കുന്നത്.

RNU TVPM

********************

## മഴ കേരളം

സംസ്ഥാനത്ത് മഴയ്ക്ക് നേരിയ ശമനം. ഇടുക്കി, വയനാട് ജില്ലകളിൽ മാത്രമാണ് ഇന്ന് ഓറഞ്ച് ജാഗ്രത. തിരുവനന്തപുരം, കൊല്ലം ഒഴികെ മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്. എന്നാൽ പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, വയനാട് ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. മലയോര മേഖലകളിൽ അതീവ ജാഗ്രത തുടരുകയാണ്. മണിമല, പമ്പ, അച്ചൻകോവിൽ, തൊടുപുഴ, കീച്ചേരി ഉൾപ്പെടെ വിവിധ നദികളിലെ ജലനിരപ്പും വർദ്ധിച്ച നിലയിലാണ്. തീരത്തോട് ചേർന്ന് താമസിക്കുന്നവർ ജാഗ്രത പാലിക്കണം. നാളെയും മറ്റന്നാളും കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ

വേഗതയിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്.
കേരള- കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

********************

## ഇടുക്കി -മഴ (ഇൻട്രോ)

ഇടുക്കിയിൽ രാവിലെ മാറി നിന്ന മഴ ഉച്ചക്ക് ശേഷം ശക്തി പ്രാപിച്ചു. വൃഷ്ടി പ്രദേശങ്ങളിൽ നീരൊഴുക്ക് ശക്തമായി തുടരുന്നതിനാൽ ഡാമുകളിൽ ജലനിരപ്പ് ഉയരുന്നുണ്ട്. പ്രധാന ഡാമുകളായ ഇടുക്കിയിൽ 2360 അടിയും മുല്ലപ്പെരിയാറിൽ 135 അടിയുമാണ് ജലനിരപ്പ്.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...
(ഹോൾഡ്)

********************

RNUTVPM

## വയനാട്- മഴ

വയനാട്ടിൽ മഴയ്ക്ക് ഇന്ന് രാവിലെ മുതൽ നേരിയ ശമനം. ബാണാസുരസാഗർ ഡാമിൻറെ ഒരു ഷട്ടർ 10 സെൻറീമീറ്റർ ഉയർത്തി ജലം പുറത്തേക്ക് ഒഴുക്കുന്നുണ്ട്. സുൽത്താൻബത്തേരി കല്ലൂർ പുഴ കരകവിഞ്ഞതോടെ നൂൽപ്പുഴ പുഴംകുനി ഉന്നതിയിലെ 5 കുടുംബങ്ങളെ ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറ്റി. പനമരത്തും ദുരിതാശ്വാസ ക്യാമ്പ് ആരംഭിച്ചിട്ടുണ്ട്. മാനന്തവാടി താലൂക്കിൽ 24 കുടുംബങ്ങളാണ് ദുരിതാശ്വാസ ക്യാമ്പുകളിലുള്ളത്.

********************

## ചിമ്മിനിഡാം

തൃശൂർ ജില്ലയിലെ ചിമ്മിനി ഡാം തുറന്നു. ഡാമിൽ നിന്നും കൂടുതൽ വെള്ളം തുറന്ന് വിട്ടു തുടങ്ങിയ സാഹചര്യത്തിൽ കുറുമാലി പുഴയുടെ തീരത്തുള്ളവർ ജാഗ്രത പാലിക്കണം.

********************

<u>പാലക്കാട്- ബാലാവകാശ കമ്മീഷൻ</u>

പാലക്കാട് തച്ചനാട്ടുകരയിൽ ഒമ്പതാംക്ലാസ് വിദ്യാർത്ഥിനി ആത്മഹത്യ ചെയ്ത സംഭവത്തിൽ സംസ്ഥാന ബാലാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു. പോലീസിനോടും, ജില്ലാ ശിശു സംരക്ഷണ വിഭാഗത്തോടും, സ്കൂൾ അധികൃതരോടും വിശദമായ റിപ്പോർട്ട് നൽകാൻ കമ്മീഷൻ ആവശ്യപ്പെട്ടു. വിദ്യാർത്ഥിയുടെ വീടും, സ്കൂളും കമ്മീഷൻ സന്ദർശിച്ചു.
കുറ്റക്കാർക്കെതിരെ കർശനമായ നടപടി ഉണ്ടാകുമെന്ന് കമ്മീഷൻ അധ്യക്ഷൻ കെ.വി. മനോജ് കുമാർ പറഞ്ഞു.

********************

<u>ജോർജ്ജ് കുര്യൻ</u>

ചെല്ലാനത്തെ മത്സ്യത്തൊഴിലാളി വനിതകൾക്കുള്ള ഇലക്ട്രിക്ക് ഓട്ടോ ഫിഷ് വെൻഡിംഗ് കിയോസ്ക് വിതരണം കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ നാളെ നിർവഹിക്കും. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെയുള്ള സംയോജിത ആധുനിക തീരദേശ മത്സ്യഗ്രാമം പദ്ധതിയുടെ ഭാഗമായാണിത്. ചെല്ലാനം മത്സ്യഗ്രാമത്തിൽ 570 ലക്ഷം രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്.

********************

<u>പബിത്ര മാർഗരീറ്റ</u>

കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിന് കീഴിലുള്ള മേരാ യുവ ഭാരത് സംഘടിപ്പിക്കുന്ന മൻ കീ ബാത് ടാലന്റ് ഹണ്ട് സീസൺ 5 മത്സരങ്ങളുടെ ജില്ലാതല ഉദ്ഘാടനം കേന്ദ്ര സഹമന്ത്രി പബിത്ര മാർഗരീറ്റ നാളെ തിരുവനന്തപുരത്ത് നിർവഹിക്കും. തിരുവനന്തപുരം നീറമൺകര മന്നം മെമ്മോറിയൽ സ്കൂളിലാണ് പരിപാടി.

********************

RNU TVPM

## കെ. കുഞ്ഞികൃഷ്ണൻ

മലയാള ടെലിവിഷൻ രംഗത്തെ സമഗ്ര സംഭാവനകൾക്കുള്ള സംസ്ഥാന സർക്കാരിൻറെ 2023 ലെ പുരസ്കാരം തിരുവനന്തപുരം ദൂരദർശൻ പ്രഥമ ഡയറക്ടർ കെ. കുഞ്ഞികൃഷ്ണന്. മന്ത്രി സജി ചെറിയാനാണ് പുരസ്കാരം പ്രഖ്യാപിച്ചത്. മലയാള ടെലിവിഷൻ സംപ്രേഷണത്തിന് അടിത്തറ പാകിയ വ്യക്തിയാണ് കെ. കുഞ്ഞികൃഷ്ണൻ എന്ന് അവാർഡ് ജൂറി അഭിപ്രായപ്പെട്ടു. 1985 ജനുവരി ഒന്നിന് മലയാളമണ്ണിൽ നിന്നാരംഭിച്ച ടെലിവിഷൻ സംപ്രേഷണത്തിന് നേതൃത്വം നൽകിയ അദ്ദേഹം മൂന്ന് പതിറ്റാണ്ടോളമാണ് ടെലിവിഷൻ എന്ന മാധ്യമത്തിൻറെ വളർച്ചയ്ക്കായി പ്രവർത്തിച്ചത്.

********************

## ആത്മഹത്യ പ്രവണത : പഠന റിപ്പോർട്ട്

RNU TVPM

സംസ്ഥാനത്ത് ആത്മഹത്യ പ്രവണത കൂടുതൽ പുരുഷന്മാരിലെന്ന് സാമ്പത്തിക സ്ഥിതിവിവര വകുപ്പിൻറെ പഠന റിപ്പോർട്ട് . ആത്മഹത്യ ചെയ്യുന്നവരിൽ 79 ശതമാനം പേരും പുരുഷന്മാരാണെന്നാണ്, 2020 മുതൽ 2023 വരെയുള്ള കണക്കുകൾ വ്യക്തമാക്കുന്നത്. വടക്കൻ കേരളത്തെ അപേക്ഷിച്ച് തെക്കൻ കേരളത്തിലാണ് ആത്മഹത്യകൾ കൂടുതൽ. പുരുഷന്മാരിൽ 45 നും 60 നും ഇടയിൽ പ്രായമുള്ളവരും, സ്ത്രീകളിൽ 60-ന് മേൽ പ്രായമുള്ളവരുമാണ് കൂടുതലായും ആത്മഹത്യ ചെയ്യുന്നതെന്നും റിപ്പോർട്ടിൽ പറയുന്നു.

********************

## ഇലക്ട്രിക്-സൈക്കിൾ(ഇൻട്രോ)

കാർബൺ ന്യൂട്രൽ കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാനത്തെ കുടുംബശ്രീ അംഗങ്ങൾക്ക് ഇലക്ട്രിക് സൈക്കിളുകൾ നൽകുന്നു. കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.
(ഹോൾഡ്)

********************

## ഹിന്ദി പ്രചാരസഭ

കേരള ഹിന്ദി പ്രചാരസഭയുടെ, ബിരുദാനന്തര പഠനകേന്ദ്രത്തിൽ ഹിന്ദി ബിരുദ , ബിരുദാനന്തര കോഴ്സുകൾ , പിജി ഡിപ്ലോമ ഇൻ ട്രാൻസ്ലേഷൻ ആൻഡ് ജേർണലിസം
എന്നിവയിലേക്ക് പ്രവേശനം ആരംഭിച്ചു . അടുത്ത മാസം രണ്ടു മുതൽ ക്ളാസ്സുകൾ ആരംഭിക്കും .

********************

## മൻ കി ബാത്

പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി **'മൻ കീ ബാത്തിലൂടെ** പ്രധാനമന്ത്രി നരേന്ദ്രമോദി ഈ മാസം 29 ന് രാവിലെ 11 ന് ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കും. പരിപാടിയുടെ 123-ാം പതിപ്പാണിത്. ആകാശവാണിയുടെയും, ദൂരദർശൻറെയും എല്ലാ നിലയങ്ങളും പരിപാടി തത്സമയം പ്രക്ഷേപണം ചെയ്യും. മലയാള പരിഭാഷയും തുടർന്ന് കേൾക്കാം.

RNU TVPM

********************

## ഓഹരി--സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികൾ നേട്ടത്തിൽ വ്യാപാരം അവസാനിപ്പിച്ചു . സെൻസെക്സ് 303 പോയിൻറ് ഉയർന്ന് 84,059 ലും, നിഫ്റ്റി 89 പോയിൻറ് ഉയർന്ന് 25,638 ലും വ്യാപാരം അവസാനിപ്പിച്ചു .

സ്വർണവിലയിൽ കുറവ് . പവന് 680 രൂപ കുറഞ്ഞ് 71,880 രൂപയും ഗ്രാമിന് 8985 രൂപയുമാണ് ഇന്ന് വില.

********************

## <u>മന്ത്രി എം.ബി. രാജേഷ്</u>

സെപ്ടേജ് മാലിന്യസംസ്കരണത്തിന് ശാസ്ത്രീയ സംവിധാനങ്ങൾ ഇല്ലാത്തതാണ് സംസ്ഥാനത്ത് ജലജന്യരോഗങ്ങൾ വർദ്ധിക്കാനുള്ള ഒരു പ്രധാനകാരണമെന്ന് മന്ത്രി എം.ബി. രാജേഷ് . കൊല്ലം ജില്ലാപഞ്ചായത്തിന്റെ മൊബൈൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് വാഹനങ്ങൾ ഫ്ലാഗ്-ഓഫ് ചെയ്യുകയായിരുന്നു അദ്ദേഹം. കിണറും സെപ്ടിക് ടാങ്കും തമ്മിൽ മതിയായ അകലമില്ലാത്തതും, സെപ്ടിക്ക് ടാങ്കുകൾ യഥാസമയം വൃത്തിയാക്കാത്തതും ജലസ്രോതസ്സുകൾ അപകടകരമാംവിധം മലിനമാകാൻ കാരണമാകുന്നുവെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

********************

***********

****

RNU TVPM